# സൗരഭം

## ജി എച്ച് എസ് കുറ്റിക്കോൽ

G.H.S KUTTIKOL

## 2023-2024

# എന്റെ വിദ്യാലയം




| | |
|---|---|
| ജില്ല | കാസർഗോഡ് |
| ഉപജില്ല | കാസർഗോഡ് |
| പ്രധാനാദ്ധ്യാപകൻ | ഭാസ്കരൻ. എ |
| പി. ടി. എ പ്രസിഡണ്ട് | സുരേഷ് |
| എം.പി.ടി.എ പ്രസിഡണ്ട് | ശ്രീജ മക്കട്ടി |
| എസ് എം സി ചെയർമാൻ | ബാലകൃഷ്ണൻ.ബി |
| സ്കൂൾ ലീഡർ | ശ്രീനന്ദ്.കെ |

# ഉള്ളടക്കം

- 1തളരാത്ത പെൺകരുത്
- .നീ
- മുല്ല
- കാലമേ നീ
- അപ്പോഴും മഴ പെയ്തുകൊണ്ടേയിരുന്നു
- ചെമ്പരത്തി
- shadow
- പ്രകൃതി എന്ന സത്യം
- മഴത്തുള്ളികൾ
- ഉപ്പുവെച്ച കലം
- സ്കൂൾ യാത്ര
- വര

# തളരാത്ത പെൺകരുത്ത്

അവൾ ഇന്നും പകയോടെ ജീവിക്കുകയാണ്. ആ നാളുകൾക്ക് ശേഷം അവൾ ജീവിതം എന്താണെന്ന് പഠിച്ചു.

ഒരുനാൾ അവൾ വളരെ സന്തോഷത്തിലാണ് ജീവിച്ചിരുന്നത്. പ്രണയത്തിന്റെ വലയിൽപെട്ട് തന്റെ ജീവിതം മാറിമറിഞ്ഞിരിക്കുന്നു എന്ന് അവൾ മനസ്സിലാക്കാൻ ഏറെ വൈകിപ്പോയി. പല വാഗ്ദാനങ്ങൾ കൊടുത്ത് അവളെ അവന്റെ വരുതിയിലാക്കി. അവൻ പറയുന്ന എല്ലാ കാര്യങ്ങളും അനുസരിച്ച് ഒരു അടിമയായി ജീവിച്ചൊരാ കാലം അവളുടെ മനസ്സിൽ ഒരു പകയായി തിളച്ചുപൊങ്ങി. ആ ചതിക്കപ്പെട്ട ഒരു നിമിഷം ആത്മഹത്യയിലേക്ക് വഴുതിവീണ അവളുടെ മനസ്സിനെ മാറ്റിയെടുക്കാനായി ആരോ ഒരാൾ അവിടേക്ക് കടന്നുവരുന്നു. തികച്ചും ഒരു രക്ഷകനെപ്പോലെ അവളുടെ മനസ്സിലുണ്ടായ പകയെയും സങ്കടത്തെയും വീണ്ടും ജീവിക്കാനുള്ള ഒരു ആഗ്രഹമായി തീർത്തു. ഇന്നും അവൾ തന്റെ പോയ ദിനങ്ങളെ വളരെ പകയോടെയാണ് നോക്കിക്കാണുന്നത്. മരിക്കണം എന്ന് തോന്നിയ ആ നിമിഷം വളരെ മോശമാണ് എന്ന് അവൾ ഇന്ന് മനസ്സിലാക്കുന്നു. മരണത്തിന്റെ പടിവാതിൽക്കൽ എത്തി നിന്ന അവളെ വീണ്ടും ജീവിതത്തിന്റെ പ്രകാശത്തിലേക്ക് തിരികെ കൊണ്ടുവന്ന ആ മനുഷ്യനോട് അവൾ ഇന്നും കടപ്പെട്ടിരിക്കുന്നു. താൻ ചതിക്കപ്പെട്ടു എന്നറിഞ്ഞ സമയത്ത് അവളിലുണ്ടായ പക ഒരു ധീര വനിതയെ ജനിപ്പിക്കുകയും ആ പക തന്നെ അവളെ ജീവിതമെന്ന പുസ്തകത്തിന്റെ ഓരോ താളും പഠിപ്പിച്ചു. ഒരു നിമിഷംകൊണ്ട് തീർന്നുപോകേണ്ടതായിരുന്ന അവളുടെ ജീവിതം ഇന്ന് ഏറെ മാറി മറിഞ്ഞു. പ്രണയത്തിനിരയായി ജീവിതം അവസാനിപ്പിക്കുന്ന യുവതലമുറയുടെ മാതൃകയായി അവളുടെ ജീവിതം മാറി.



# നീ

പൂ പോൽ വിരിഞ്ഞു നിന്ന നിന്റെ ഈ
പുഞ്ചിരി എന്തേ മാഞ്ഞുപോയി?

ഓടിക്കളിച്ച നിന്റെ കാലുകൾ എന്തേ
ചലനമറ്റു
ആരു നിന്നെ ഇങ്ങനെ ഒതുക്കിയിരുത്തി

എന്റേതെന്നു ഞാൻ നിന്നെ കരുതിയിട്ടും
നീയെന്തേ എന്നെ അറിയാതെപോയ്

വീണ്ടും ചലിപ്പിക്കാൻ നിന്റെ കാലുകൾക്കെന്നാവും
അറിയാമതെന്നും നീ തനിച്ചായെന്നൊരു
തോന്നൽ നിൻ മനം നിറയെ
നിറഞ്ഞുനിൽക്കുന്നു

ഞാൻ ഈ ഭൂമിയിൽ എന്നേക്കുമെന്നായ്
നിന്റെ നിഴലായ് കൂടെ നിൽക്കാം

# മുല്ല

മരച്ചില്ലകൾ തോറും പടർന്നു കിടക്കുന്ന

മുല്ലവള്ളിച്ചെടി

നീ... എന്തേ മൂകയായിരിക്കുന്നു
നാടുതോറും സുഗന്ധം പരത്തി നീ
ഏവർക്കും നറുമണം നൽകി നീ
എന്നാൽ എന്തേ നീ നിന്റെ
ദുഃഖം മറച്ചുവച്ചു?

പുഞ്ചിരി തൂകി നീ മുഖം കാണിച്ചെങ്കിലും
വിങ്ങിപ്പൊട്ടുന്ന നിന്റെ മുഖം
എന്തെ നീ മറച്ചുവച്ചു?

ഞാനുണ്ട് നിന്നെ കേൾക്കുവാനായി
ഞാനുണ്ടിവിടെ നിനക്കായ്
നീ ഒന്ന് വാടിയാൽ വിങ്ങി പൊട്ടുമെൻ
നെഞ്ചകം

പുഞ്ചിരി ഉള്ളാലെ പരത്തു നീ
നിന്റെ സുഗന്ധം നാടാകെ
പരക്കട്ടെ...

# കാലമേ നീ

ഓർത്തു ഞാൻ ആ നല്ല കാലം

നിലാവിന്റെ ഭംഗിയാർന്നു നിന്ന
നല്ല കാലം

ഇന്നീ നാളുകളിൽ കാണാത്ത
നല്ല കാലം

കൂട്ടിനായി നൂറുപേർ ഉണ്ടായിരുന്ന
കാലം

ഇന്നിതാ ഞാൻ ഏകയായി തീർന്നൊരീ
ഭ്രുതകാലം

ആരുണ്ടിവിടെ ഇന്ന് എന്നെ നയിക്കുവാൻ
എന്നോട് ചേർന്നിരിക്കാൻ

നാളേറെ  മാറി മറിഞ്ഞു മനുഷ്യർ
പാമ്പായി വിഷം കുത്തിയിറക്കുന്നു

ഈ കാലം ദുരിതകാലം
വരും കാലം വിധിയുടെ കാലം

# അപ്പോഴും മഴ പെയ്തുകൊണ്ടേയിരുന്നു

മഴയുടെ ചാറ്റലോടെയാണ് നേരം പുലർന്നത്. പാതി നരച്ച മുടിയും ചുളുങ്ങിയ മെയ്യുമായ ആ വൃദ്ധ മുറ്റത്തേക്കിറങ്ങി. "മൂന്നു ദിവസമായി നിർത്താതെ പെയ്യുന്ന മഴയാണ് ഇതിനൊരു അവസാനമുണ്ടാകുമോ ദൈവമേ "എന്ന് വൃദ്ധ പുലമ്പുന്നു. തന്റെ മകളും കൊച്ചുമകനും നാട്ടിലേക്ക് വരുന്ന ദിവസമാണ് ഇന്ന്. അന്നെങ്കിലും മഴയ്ക്ക് ക്ഷാമമുണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചു. മക്കളെ കാണാനുള്ള സന്തോഷം കൊണ്ടാകാം അടുക്കള വാതിലിലൂടെ പലഹാരങ്ങളുടെ മണം പുറത്തേക്ക് ഓടുന്നു. കാത്ത് കാത്ത് തന്റെ മക്കൾ തന്റടുത്തേക്ക് എത്തി. പുറത്ത് വണ്ടിയുടെ ഒച്ച."ആ ന്റെ മക്കളാണ്".

അതെ അത് തന്റെ മക്കളാണ്. ടാക്സിക്കാരൻ പറഞ്ഞു കൊണ്ടേയിരുന്നു "എങ്ങനെയാണ് ഞാൻ തിരിച്ചു പോവുക റോഡിൽ മുട്ടോളം വെള്ളമാണ്. കൂടാതെ മണ്ണിടിയാനും സാധ്യതയുണ്ടത്രേ ". ഇതു കേട്ട ആ മുത്തശ്ശി ആകെ പരിഭ്രമിച്ചു. പിന്നീട് എല്ലാം മറന്ന് മക്കളെ വാരിപ്പുണർന്നു. താൻ ഉണ്ടാക്കി വച്ചതെല്ലാം വാശിയോടെ മക്കളെ കഴിപ്പിച്ചു. ഇനി ഇതുപോലെ നിങ്ങളെ ഊട്ടാൻ താൻ ഉണ്ടാകില്ല എന്നൊരു മാറ്റായിരുന്നു വൃദ്ധയ്ക്ക്.ഇത്തവണ അമ്മയെയും മദ്രാസിലേക്ക് കൊണ്ടുപോവാനാണ് മകളുടെ വരവ്. അത് അമ്മ സമ്മതിക്കില്ല എന്ന് അവൾക്ക് നന്നായി അറിയാം. വൈകാതെ തന്നെ അവൾ അമ്മയോട് അത് പറയുകയും ചെയ്തു. പ്രതീക്ഷിച്ചതു പോലെത്തന്നെ അമ്മ അത് നിരസിച്ചു. അതിനെ തുടർന്ന് ഒരു വഴക്കും ഉണ്ടായി. ഇനി എന്തു തന്നെ സംഭവിച്ചാലും താൻ മകളോടൊപ്പം ഇല്ല എന്ന് അവർ തീർത്തുപറഞ്ഞു. തന്റെ ആഗ്രഹത്തിനൊത്തു അമ്മ നിൽക്കാഞ്ഞതിനാൽ അവൾ പിറ്റേദിവസം തന്നെ തിരിച്ചു പോകാനുള്ള ഒരുക്കങ്ങൾ നടത്തി. ചുരുക്കത്തിൽ ഈ ഒരു ആവശ്യത്തിന് മാത്രമായിരുന്നു അവളുടെ വരവ്. രണ്ട് വയസുള്ള തന്റെ കുഞ്ഞിനെ നോക്കി വളർത്താൻ ആരുമില്ല. അവൾക്ക് ജോലിക്ക് പോവേണം. ആ ഒരു ആവശ്യത്തിനാണ് ഈ പെട്ടന്നുള്ള വരവ്. തന്റെ ബുദ്ധിമുട്ടുകളൊക്ക പറഞ്ഞിട്ടും മകൾക്ക് മനസ്സിലായില്ല. തിരിച്ചു പോകും നേരം ആ അമ്മയുടെ മനസ്സ് വിങ്ങലോടെ "ന്റെ മോളെ "എന്നൊരു വിളി മാത്രം വിളിച്ചു. ആവശ്യത്തിന് മാത്രമായിരുന്നു അവൾക്ക് അമ്മ. പെറ്റമ്മ എന്നൊരു വാക്ക് വളരും തോറും മായുന്നു.അവൾ മദ്രാസിലേക്ക് തിരിച്ചെത്തി. ആ അമ്മയുടെ മനസ്സ് കലങ്ങപ്പെട്ടിരിക്കുന്നു. മഴ നിലച്ചിട്ടില്ല. പിറ്റേദിവസം ഓഫീസിലെ വാർത്തകളിൽ തന്റെ നാട്ടിലുണ്ടായ മണ്ണിടിച്ചലിനെ പറ്റിയുള്ള വാർത്തകൾ പറക്കുന്നു. അവൾ അവളുടെ ജോലികളിൽ ഏർപ്പെട്ടു. തന്റെ അമ്മയെ അവൾ ഓർത്തില്ല. കുറച്ചു കഴിഞ്ഞ് അവൾക്ക് ഒരു കാൾ വന്നു. അമ്മയുടെ മരണം അറിയിക്കാനുള്ള വിളിയായിരുന്നു അത്. ആ വിളി അവസാനിക്കുമ്പോഴേക്കും അമ്മയുടെ ഓർമ്മകൾ ഒന്നൊന്നായി അവൾ മനസ്സിൽ കണ്ടു. നാട്ടിലേക്ക് ആയിരുന്നു പിന്നീട് അവളുടെ വരവ്. ഉള്ളിന്റെ ഉള്ളിൽ അവൾ മാപ്പ് ചോദിക്കുന്നു ചെയ്തുപോയതിനെല്ലാം പറഞ്ഞുപോയതിനെല്ലാം. തോരാത്ത മഴ പോലെ അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ പൊടിഞ്ഞു. അപ്പോഴും മഴ പെയ്തുകൊണ്ടേയിരിക്കുന്നു.

ദർശന.കെ

# ചെമ്പരത്തി

വസന്ദമോ വേനലോ എങ്ങും എപ്പോഴും
പൂക്കും നീ
ചുവപ്പേ നീ സ്നേഹമായി മാറുമ്പോൾ
നീ മാത്രമെന്തെ ഭ്രാന്തിയായി മാറി
പ്രഭാതം പുലരുംപോൽ നീ നീയായ്
പുലർന്നീലെ
അതിലാവണ്യമാം സുന്ദരിയായ നിന്നെ
ഭ്രാന്തിയോടടുപ്പിച്ചതാരാ
നീയും ചുവപ്പല്ലേ
എന്നിട്ട് ഒരുവൾ പ്രണയമായും
മറ്റൊരുവൾ ഭ്രാന്തിയയും മാറിയതെങ്ങനെ

ദർശന.കെ

# SHADOW

*I'm an Invisible magician sent*
*by the gods from the heaven.*
*I'm a soldier of every human*
*being*
*Everyone like to talk to me*
*when they're alone*

*I'm a besfriend of every people*
*They tell all their secrets to me*
*even kids  plays with me*
*I'm dark replicating sketch*
*That always tends to cling*

*I have super powers to shrink*
*short and grow tall And*
*sometimes I would vanish To no*
*shadow at all*

*I am a prankster To tittle*
*childrens I make their beautiful*
*moment They can't forget me.*
*because I'm their  shadow!!*

*-Hana fathima.*

# .പ്രകൃതി എന്ന സത്യം

പ്രകൃതിയിൽ വസിക്കും ജീവനുംമരങ്ങളും
സ്നേഹിക്കും പ്രകൃതിയോ...
ജീവനായി കാണുന്ന ഞങ്ങളെ -
പ്രകൃതിയും നിൻ കാലത്തെ ക്കുറിച്ച്
അറിയാൻ ഞാനെത്ര കാത്തിരുന്നു...
കാത്തിരിപ്പിൻ അവസാനം
നീ ആരെന്ന് അറിയുന്ന ഞങ്ങൾക്ക്
നീ മാതൃതുല്യയായി മാറുന്നു.
തലമുറയാം നിന്നിൽ വസിക്കുവിൻ ഞങ്ങൾ -
നിൻ ജീവനിൽ നിന്ന് നുകരുന്ന സ്നേഹം .
നിൻ സ്നേഹത്തിൽ അലിയുവാൻ ഹൃദയങ്ങൾ
നിൻ ജീവനിൽ വസിക്കുന്നു.
മലകളും പുഴകളും നിറഞ്ഞ നിൻ ജീവനിൽ
വസിക്കുന്ന ഞങ്ങൾ
ജന്മജന്മാന്തരം പുണ്യവാന്മാരായി മാറുന്നു.
നിന്നിൽ വസിക്കുന്ന ജീവന് എത്രനാളായി നീ
കാവലിരുന്നു .
പ്രകൃതീ നീ സത്യമെന്നറിയുന്ന ഞങ്ങൾ നിന്നിൽ
തന്നെ തലമുറയായി ജീവിക്കും.

അനന്തകൃഷ്ണ എം VIII.B

മഴകൾ പെയ്തൊഴിയട്ടെ
സൂര്യകിരണങ്ങളുടെ പ്രകാശം
ഇരുൾ നീക്കി
പുറത്തു വരുന്നതിനായി നമുക്ക്
കാത്തിരിക്കാം

# മഴത്തുള്ളികൾ

" ഓരോ മഴത്തുള്ളികൾക്കും
ഓരോ കഥകൾ പറയാനുണ്ട്
എല്ലാത്തിനും സാക്ഷിയായവൾ
ഭൂമിയിൽ പതിക്കുമ്പോൾ ആ
കഥകളും അവളുടെ ഒപ്പം മണ്ണിൽ
അലിഞ്ഞുചേർന്നു എല്ലാം
മറന്നു വീണ്ടും മഴയായി
പെയ്തിറങ്ങാൻ

# ഉപ്പുവെച്ച കലം

വിട്ടുമാറാത്ത തലവേദനയുമായി ഒരാൾ വൈദ്യനെ സമീപിച്ചു. വൈദ്യൻ പഠിച്ചപണി പതിനെട്ടും പയറ്റിയിട്ടും തലവേദനയ്ക്ക് ശമനമായില്ല. നിങ്ങളുടെ ശരീരത്തിലല്ല , മനസ്സിലാണ് രോഗത്തിന്റെ വേരുകൾ കിടക്കുന്നത്. നിങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്ന വല്ല ജീവിതപ്രശ്നങ്ങളുമുണ്ടോ ? വൈദ്യൻ ചോദിച്ചു.

ഞങ്ങൾക്ക് പാരമ്പര്യമായി കുറച്ച് സ്വത്തുക്കൾ ഉണ്ടായിരുന്നു. മരണക്കിടക്കയിലായിരുന്ന അച്ഛന കബളിപ്പിച്ച് അനിയൻ അതെല്ലാം കൈക്കലാക്കി. ഞാനിപ്പോൾ വാടക വീട്ടിലാണ് താമസം. രോഗി പറഞ്ഞു.

സ്വത്തു കിട്ടാത്തതിലുള്ള നൈരാശ്യവും അനിയനോടുള്ള വൈരാഗ്യവും ആണ് നിങ്ങളുടെ മനസ്സുനിറയെ.അതുകൊണ്ടാണ് തലവേദന മാറാത്തത്. അസൂയ , വൈരാഗ്യം , വെറുപ്പ് , നിരാശ , കോപം തുടങ്ങിയവ വിരുദ്ധ വികാരങ്ങളാണ്. ഇവ സ്ഥിരമായി മനസ്സിൽ കൊണ്ടു നടന്നാൽ ഉപ്പുവെച്ച കലം പോലെ ശരീരം ദ്രവിക്കാൻ തുടങ്ങും.

രോഗി ചോദിച്ചു : അപ്പോൾ ഞാനെന്താണ് ചെയ്യേണ്ടത് ?

ഏതായാലും സ്വത്ത് നിങ്ങൾക്ക് നഷ്ടപ്പെട്ടു. അതിനെക്കാൾ വിലപിടിച്ച സ്വത്താണ് ആരോഗ്യം . അതുകൂടി നശിപ്പിക്കണോ എന്ന് ആലോചിക്കുക.

ആരോഗ്യം ഉണ്ടെങ്കിൽ ധനം അധ്വാനിച്ച് നേടാവുന്നതേയുള്ളൂ..

പാരമ്പര്യമായി ലഭിക്കുന്ന സമ്പത്തിനേക്കാൾ എത്രയോ മികച്ചതാണ് അധ്വാനിച്ച് നേടുന്ന സമ്പത്ത് ..

വൈദ്യൻ പറഞ്ഞു.

ശ്രീപാദ്. വി

IX B

# വര









എം,സ്വപ്ന സുരേഷ്
IX A
ജി.എച്ച്.എസ്.കുററിക്കോൽ

# സ്കൂൾ യാത്ര

മഴയും വെയിലും
മഞ്ഞും മലയും
എല്ലാം കാണാം
അക്ഷരമാക്കാം

മഴയും വെയിലും
മലയും താണ്ടി
കർഷകരിന്നും അന്നമൊരുക്കും

അന്നവിചാരം
മുന്ന വിചാരം
ഉച്ചക്കഞ്ഞി മണിയടി കേട്ടു

ഞങ്ങൾ
മഴയും വെയിലും ഏറ്റിടാമെന്നും
പുതു ലോകത്തിൻ
വർണ്ണമൊരുക്കാം

ഹേമന്ത്

IX B

# അച്ചുവിന്റെയും അമ്മയുടെയും കഥ


ഒരു ദിവസം കുറെ നാൾ കൂടി അച്ചു അച്ഛനെ കാണാൻ അച്ഛന്റെ നാട്ടിൽ അമ്മയ്ക്കൊപ്പം പോകുവാൻ തീരുമാനിച്ചു.

അച്ചു ജനിച്ചതിനു ശേഷം അച്ഛനും അമ്മയും പിണങ്ങി. അച്ഛന് വേറെ രണ്ട് ഭാര്യമാർ ഉണ്ട്. അച്ഛൻ മദ്യത്തിന് അടിമയാണ്. അതുകൊണ്ടാണ് അച്ഛന്റെ നാട്ടിൽ നിന്നും ഞാനും അമ്മയും നാട്ടിൽ വന്നത്. എന്നിട്ട് ഒരു അഞ്ച് വർഷം കഴിയുമ്പോൾ അച്ഛൻ ഫോണിൽ കൂടി അമ്മയോട് പറഞ്ഞു,

ഇനി ഞാൻ മദ്യപിക്കുകയില്ല. അങ്ങനെ അച്ഛൻ വീട്ടിൽ വന്ന് അച്ചുവിനെയും അമ്മയെയും വിളിച്ച് അച്ഛന്റെ നാട്ടിൽ വന്നു. ആദ്യത്തെ ഒരു മാസം നല്ല രീതിയിൽ കടന്നുപോയി. അമ്മയുടെ കൈയിലെ പൈസ തീർന്നപ്പോൾ അച്ഛൻ വീണ്ടും അമ്മയെ ഉപദ്രവിക്കാൻ തുടങ്ങി. അങ്ങനെ കുറെനാൾ കടന്നുപോയി. ഇനി അച്ഛന്റെ തല്ല് കൊള്ളാൻ കഴിയില്ലെന്നു പറഞ്ഞ് അമ്മ വീട്ടിൽ നിന്ന് പോകാൻ തീരുമാനിച്ചു. പക്ഷെ, അച്ചുവിനെ അച്ഛൻ വീട്ടില്ല എന്നു പറഞ്ഞു.

അമ്മ താഴത്തെ വീട്ടിൽ അച്ചുവിനെ കാത്തിരുന്നു.അച്ഛൻ പറഞ്ഞു അച്ചുവിനോട് ചായ വെയ്ക്കാൻ .

അച്ചു അച്ഛനോട്ടു പറഞ്ഞു അച്ഛാ , ഞാൻ മൂത്രം ഒഴിച്ചിട്ട് വരാം എന്നു പറഞ്ഞ് അമ്മയുടെ അടുത്തേക്ക് ഓടി. എന്നിട്ട് അച്ചുവും അമ്മയും കൂടി നേരെ മെമ്പറെ കാണാൻ പോയി. മെമ്പർ അവരെ ഒരു കോൺവെന്റിൽ ആക്കി. അങ്ങനെ കുറെ നാൾ കഴിഞ്ഞപ്പോൾ അച്ചുവിന്റെ അമ്മയുടെ ചേച്ചിയുടെ മകൻ അവരെ രണ്ടുപേരേയും കൂട്ടിക്കൊണ്ടു പോയി.അച്ചുവും അമ്മയും അവരുടെ നാട്ടിൽ തന്നെ തിരികെയെത്തി. എന്നിട്ട് അവർ സുഖമായി ജീവിച്ചു .




അമൽ
VIII B



# ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങൾ

# ജി. എച്ച് എസ് കുറ്റിക്കോൽ